പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1787 22.03.2012-ൽ മറുപടി നൽകേണ്ടിയിരുന്നത്

## സ്ഫോടകവസ്തുക്കൾ കൈകാര്യം ചെയ്യുന്ന ശാലകളിലെ അപകടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. സി. ജോർജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ് | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് സ്ഫോടകവസ്തുക്കൾ കൈകാര്യം ചെയ്യുന്ന ശാലകളിൽ അടിക്കടി ഉണ്ടാകുന്ന അപകടങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (എ) ഉണ്ട്. |
| (ബി) സ്ഫോടകവസ്തുക്കളുമായി ബന്ധപ്പെട്ടുള്ള അപകടങ്ങളുടെ ഏതാനും വർഷത്തെ കണക്കെടുത്താൽ സംസ്ഥാനത്ത് ശരാശരി എത്ര അപകടങ്ങൾ ഉണ്ടാകുന്നുവെന്ന് അറിയിക്കുമോ ; | : (ബി) 29. |
| (സി) ഇത്തരം വസ്തുക്കൾ കൈകാര്യം ചെയ്യാൻ ലൈസൻസ് നേടുന്നവർ പടക്കനിർമ്മാണത്തിനും മറ്റുമായി നിരോധിത രാസവസ്തുവായ പൊട്ടാസ്യം ക്ലോറേറ്റ് ഉപയോഗിക്കുന്നത് സംബന്ധിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ ; | : (സി) പൊട്ടാസ്യം ക്ലോറേറ്റ് ഉപയോഗിച്ചതു കാരണമാണ് സ്ഫോടനമുണ്ടായതെന്ന് ശ്രദ്ധയിൽപ്പെട്ടാൽ അക്കാര്യം അന്വേഷിക്കുന്നതാണ്. |
| (ഡി) സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയും നിയമവിരുദ്ധ വസ്തുക്കൾ ഉപയോഗിക്കുകയും ചെയ്യുന്നവർക്കെതിരെ ശിക്ഷണ നടപടികൾ കർശനമാക്കാൻ നടപടി സ്വീകരിക്കുമോ ? | : (ഡി) നിലവിൽ കർശനമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ